(സി) വികലാംഗർക്ക് പാലക്കാട് ജില്ലയിൽ അർഹമായ പരിഗണന ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവർക്ക് നിയമനകാര്യത്തിൽ അർഹമായ പരിഗണന നൽകാൻ പാലക്കാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ, ബി) വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് നിയമനങ്ങളിൽ നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ഇതിനു പകരമായി വർഷംതോറും 153 വികലാംഗരെ വീതം സർക്കാർ സർവ്വീസിൽ നേരിട്ട് നിയമിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിയനുസരിച്ച് സബോർഡിനേറ്റ് സർവ്വീസ്, ലാസ്റ്റ് ഗ്രേഡ് സർവ്വീസ്, പാർട്ട്ടൈം കണ്ടിജൻറ് സർവ്വീസ് എന്നീ സർവ്വീസുകളിൽ ഓരോന്നിലും 51 വികലാംഗരെ വീതം നിയമിക്കുന്നതാണ്. ജില്ലാടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തുന്നത്. വിവിധ ജില്ലകളിൽ ഓരോ വർഷവും നടത്തേണ്ട നിയമനങ്ങൾ എത്രയാണെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റിയാണ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന വികലാംഗരുടെ ലിസ്റ്റിൽ നിന്നും നിയമനത്തിനായി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഏതെങ്കിലും വർഷം മുഴുവൻ തസ്തികകളിലും നിയമനം നടത്താൻ കഴിയുന്നില്ലെങ്കിൽ ആ തസ്തിക കൾക്കുകൂടി പിന്നീടുള്ള വർഷങ്ങളിൽ നിയമനം നടത്തണമെന്നും വ്യവസ്ഥയുണ്ട്.

(സി, ഡി) ഈ പദ്ധതിയനുസരിച്ച് 1992 വരെയുള്ള നിയമനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. 1993 മുതലുള്ള നിയമനങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

മലയാളം പ്രൈമറി അദ്ധ്യാപക പരീക്ഷയിലെ അപാകതകൾ

31 [1140] ശ്രീ. ഇ. എം. അഗസ്തി:

,, എൻ രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995 ജൂലൈ 12-ാം തീയതി മലയാളം മീഡിയം പ്രൈമറി സ്കൂൾ അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതിനായി പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ അഭിരുചി നിർണ്ണയ പരീക്ഷയിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഉദ്യോഗാർത്ഥികളുടെ പരാതി ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തുമ്പോൾ ടി. ടി. സി.-ക്കാർ അവഗണിക്കപ്പെടുമെന്നുള്ളത് കണക്കിലെടുത്ത് ടി. ടി. സി.-ക്കാർക്ക് ഈ റാങ്ക് ലിസ്റ്റിൽ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) ഇത്തരം പരാതികൾ ലഭിച്ചതായി കാണുന്നില്ല.

(സി) ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഗസറ്റ് വിജ്ഞാപനപ്രകാരം താഴെ പറയുന്നവയാണ്:

(1) എസ്. എസ്. എൽ. സി.-യും ടി. ടി. സി.-യും പാസ്സായിരിക്കണം.

അല്ലെങ്കിൽ

(2) പെഡഗോഗി ഐശ്ചിക വിഷയമായി പ്രീഡിഗ്രി പാസ്സായിരിക്കണം.

അല്ലെങ്കിൽ

(3) മലയാളം വിദ്വാൻ പാസ്സായിരിക്കണം.

മേൽപ്പറഞ്ഞ യോഗ്യതകളുടെ അടിസ്ഥാനത്തിൽ പരീക്ഷയും, ഇൻറർവ്യൂവും നടത്തി ഈ തസ്തികയുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ ടി. ടി. സി.-ക്കാർ അവഗണിക്കപ്പെടാൻ സാദ്ധ്യതയില്ലെന്ന് പി. എസ്. സി. ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്.

തുറമുഖ വകുപ്പിലെ ലൈറ്റ് കീപ്പർ/സിഗ്നലർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ

32 [1142] ശ്രീ. പി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ തുറമുഖ വകുപ്പിലേക്ക് ലൈറ്റ് കീപ്പർ/സിഗ്നലർ തസ്തികയിലേക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) 9-2-1995-ൽ പ്രസിദ്ധീകരിച്ച ഷോർട്ട് ലിസ്റ്റ് പ്രകാരം നാളിതുവരെ ഇൻറർവ്യൂ നടത്താത്തതിനു കാരണം വിശദീകരിക്കുമോ; എപ്പോൾ ഇൻറർവ്യൂ നടത്തും എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിലെ ഒഴിവിലേക്ക് എപ്പോൾ നിയമനം നടത്തുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) രണ്ട് ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി, സി) വിവരം പി. എസ്. സി.-യിൽ നിന്ന് ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly